**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2230** **05-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമാണ പ്രവൃത്തി കോട്ടക്കൽ മണ്ഡലത്തിൽ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | GO (Rt) NO.1555/2021/H&FWD dated: 26/07/2021 പ്രകാരം മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ FHC വളാഞ്ചേരിയിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ സ്ഥല ലഭ്യത കുറവ് കാരണം പ്രസ്തുത ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പ്രസ്തുത മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള മറ്റ് സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. |
| (ബി) | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം ആരംഭിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു |
| (സി) | ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കോട്ടക്കൽ മണ്ഡലത്തിൽ നിന്ന് നിലവിൽ ഏത് ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ? | (സി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ